ആറാം തമ്പുരാനും ഞാനും

ആറാം തമ്പുരാൻ എന്നറിയപ്പെട്ടിരുന്ന പുമുള്ളി നിലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ 15-ാം ചരമവാർഷികദിനമാണ് നവംബർ 8. ആയുർവേദം ഉൾപ്പെടെ സകല വിജ്ഞാനമേഖലകളിലും നിപുണനായിരുന്ന അദ്ദേഹം തന്റെ പുറംവേദന നിശ്ശേഷം മാറ്റിയ കഥ വിസ്മയത്തോടെ ഓർമിക്കുകയാണ് മോഹൻലാൽ

പുമുള്ളി ആറാം തമ്പുരാനെപ്പോലെ മഹാശയനായ ഒരാളെ കാണാനും പരിചയപ്പെടാനും അതിനപ്പുറം ഒരു ബന്ധം സ്ഥാപിക്കാനുമെല്ലാം ഇടയായത് ഏതു കർമ്മബന്ധത്താലാണെന്ന് എനിക്കറിയില്ല. ഞാൻ കാണുന്ന കാലത്ത് അദ്ദേഹത്തിന് സിനിമയിലൊന്നും വലിയ താൽപര്യമുണ്ടായിരുന്നില്ല. ഒരുപക്ഷെ, എന്നെപ്പോലുള്ള നടന്മാരുടെ പേരുകൾ കേട്ടിരിക്കാം അത്രയേ ഉള്ളൂ. അതുപോലെത്തന്നെ അദ്ദേഹം വ്യാപരിച്ചിരുന്ന മണ്ഡലങ്ങളിൽ നിന്ന് ഞാനും ഏറെ അകലത്തായിരുന്നു.

ഏതാണ്ട് ഇരുപത്താറുവർഷം മുമ്പ് എന്തുകാരണത്താലെന്നറിയാതെ ഒരു പുറംവേദന എന്നെ പിടികൂടി. പിടികൂടി എന്നു പറഞ്ഞത് ശരിയാണ്. ഒളിഞ്ഞും തെളിഞ്ഞും വിട്ടുമാറാതെ അത് എന്നോടൊപ്പം കൂടുകയായിരുന്നു. പലപ്പോഴും കഠിനമായി. കാലിന്റെ പെരുവിരൽ മുതൽ പിൻകഴുത്തുവരെ ചിലപ്പോളതു പെരുത്തു വന്നു. അസ്ഥികൾക്കുള്ളിലൂടെ ചൂടുപഴുത്തൊരു സൂചി പായുകയും പോലെ. ഷൂട്ടിംഗ് നടന്നുകൊണ്ടിരിക്കുമ്പോൾ വലിയ പരീക്ഷണമായിരുന്നു അത്. വേദന പുറത്തുകാണിക്കാതെ തമാശ പറഞ്ഞും ചിരിച്ചുമൊക്കെ അഭിനയിക്കേണ്ടിവരുന്നത് എന്റെ സ്വാഭാവികരീതികൾക്ക് തടസ്സം സൃഷ്ടിച്ചു.

നേരത്തെ അടുപ്പമുണ്ടായിരുന്ന ചില ഡോക്ടർമാരെ കണ്ട് അവരുടെ ഉപദേശപ്രകാരം ചികിത്സ നടന്നുകൊണ്ടിരുന്നുവെങ്കിലും ഫലമൊന്നും ഉണ്ടായില്ല. അങ്ങനെയാണ് മദ്രാസിലുള്ള അതിപ്രശസ്തനായൊരു സർജ്ജനെ കാണുന്നത്. വിശദമായ പരിശോധനകൾക്കുശേഷം ഓപ്പറേഷൻ വേണ്ടിവരുമെന്നും നട്ടെല്ലിന്റെ ചില ഭാഗങ്ങൾ ബോൾട്ട് ചെയ്ത് മുറുക്കണമെന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. ഞാനാകെ ധർമ്മസങ്കടത്തിലായി. മാസങ്ങളോളം ശരീരത്തിന് വിശ്രമം കൊടുക്കേണ്ടി വരും. അതുകഴിഞ്ഞാലും അസുഖത്തിന് മുമ്പുള്ള അവസ്ഥയിലേക്ക് തിരിച്ചെത്താനാവുമെന്നതിനുംഉറപ്പില്ല. ചെയ്തുവച്ച ജോലികൾ പലതും പൂർത്തിയാക്കാനുണ്ട്.

ഞാൻ ജോലികൾ ചെയ്തുതീർക്കാൻ വേദനയും കൊണ്ട് തിരിച്ചെത്തി. വേദന അതേപടി തുടർന്നുവെന്നു മാത്രമല്ല അതിന്റെ ആഘാതങ്ങൾ എന്നെ ഉലയ്ക്കാനും തുടങ്ങി. ഈ അവസ്ഥയിലാണ് ഞാൻ കോയമ്പത്തൂരിൽ ആയുർവ്വേദ ചികിത്സക്കായി പ്രവേശിക്കുന്നത്. ഉഴിച്ചിലും പിഴിച്ചിലും കഷായങ്ങളുമൊക്കെയായി അവിടെ ആഴ്ചകളോളം കിടന്നെങ്കിലും കാര്യമായി പുരോഗതി ഒന്നും ഉണ്ടായില്ല. വേണമെങ്കിൽ വേദന കൂടെക്കൂടി വർദ്ധിച്ചു എന്നും പറയാം. അതിനുപുറമെ മാനസിക സംഘർഷങ്ങൾ വേറെയും. ചികിത്സക്കുവേണ്ടിയാണ് അവിടെ കഴിഞ്ഞത് എങ്കിലും കോയമ്പത്തൂർ കാലത്ത് ഞാൻ ഒറ്റപ്പെടുന്നതുപോലെ തോന്നി എനിക്ക്. മുടങ്ങിപ്പോയ ചിത്രങ്ങളുടെ നിർമ്മാതാക്കളും സംവിധായകരും ശബ്ദമടക്കിയാണെങ്കിലും അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കാൻ തുടങ്ങിയിരുന്നു. 'എത്ര ദിവസം വേണ്ടിവരും ചികിത്സ കഴിഞ്ഞു പുറത്തുവരാൻ' എന്ന മട്ടിലുള്ള അന്വേഷണങ്ങൾ എന്റെ ചെവിയിലും എത്തുന്നുണ്ടായിരുന്നു.

ചികിത്സ കഴിഞ്ഞ് വേദനയും കൊണ്ട് ഞാൻ പുറത്തുവന്നു. കുറെ പരിചയിച്ചാൽ ഏതു വേദനകളുമായും സമരസപ്പെടാൻ മനുഷ്യനാവുമെന്ന് അപ്പോഴേക്കും മനസ്സിലായി. വേദനയുമായി ച

ങ്ങാത്തതിലാവാതെ വേറെ വഴിയൊന്നുമില്ലല്ലോ. അപ്പോഴും പലരും പല ചികിത്സകളുമായി വരുന്നുണ്ടായിരുന്നു. ഒറ്റമൂലികളും, സിദ്ധവൈദ്യന്മാരും മുതൽ മന്ത്രവാദികൾ വരെ. പലർക്കും എന്നെ ഒരു പരീക്ഷണവസ്തു ആക്കാനാണ് താൽപര്യമെന്നു തോന്നി. മോഡേൺ മെഡിസിൻ കൈയൊഴിഞ്ഞ രോഗി എന്ന നിലക്കായിരുന്നു ബദൽ വൈദ്യന്മാരുടെ വരവ്.

വേദനയുടെ ദേവാസുരം

അങ്ങനെ വേദനയും വെച്ചുകൊണ്ട് ഞാൻ ദേവാസുരത്തിൽ അഭിനയിക്കാൻ വന്നു. അപ്പോഴേക്കും വേദനയും ഞാനുമായി കൂടുതൽ അടുത്തിരുന്നു. എങ്കിലും ഓർക്കാപ്പുറത്ത് അറ്റാക്കുണ്ടാവുമ്പോൾ കൈകൾ മേലോട്ടുയർത്തി കണ്ണടച്ചു നിൽക്കും. ദേവാസുരത്തിന്റെ ഷൂട്ട് ഭാരിച്ചതായിരുന്നു. രാത്രിയുള്ള ഫൈറ്റ് സീൻസ് കഴിഞ്ഞ് മുറിയിലെത്തുമ്പോൾ നേരം വെളുക്കാറായിട്ടുണ്ടാവും. എട്ടുമണിആവുമ്പോഴേക്കും വീണ്ടും റെഡിയാവാൻ പറഞ്ഞുകൊണ്ട് പ്രൊഡക്ഷൻ കൺട്രോളർ വിളിക്കും. ആന്റണിയും കോസ്റ്റ്യൂമർ മുരളിയുമൊക്കെ അവരോട് എന്തു പറയണമെന്നറിയാതെ മുറിയ്ക്കകത്തുവന്ന് എന്നെ നോക്കിനിൽക്കും. ഞാൻ കാരണം മറ്റുള്ളവർക്കു ബുദ്ധിമുട്ടാവുമോ, ഷൂട്ടിം

'ആറാം തമ്പുരാൻ' എന്ന സിനിമയുടെ കാലത്താണ് സാക്ഷാൽ ആറാം തമ്പുരാനെ നേരിട്ടു കാണുന്നത്

പുമുള്ളി നിലകണ്ഠൻ നമ്പൂതിരിപ്പാട്

വേദന അതിന്റെ ഫണം താഴ്ത്തുന്നത് ഞാനറിഞ്ഞു. എന്നെ വെടിഞ്ഞുപോയ സ്വാസ്ഥ്യം തിരിച്ചുവരികയായിരുന്നു

അദ്ദേഹത്തോട് പറഞ്ഞു.

"സങ്കല്പമൊന്നുമല്ല. അഷ്ടാംഗഹൃദയത്തിലെ ഏഴാമത്തെ അംഗമാണ് അത്. ചരകത്തിലും പറഞ്ഞിട്ടുണ്ട്. എന്റെ ജ്യേഷ്ഠൻ വാസുദേവന് കുടി പ്രാവേശികം ഉണ്ടായിട്ടുണ്ട്. വൈദ്യമഠാണ് ചെയ്തത്. ഞാൻ വൈദ്യമഠത്തിന്റെ ഒപ്പം ആദ്യവസാനം ഉണ്ടായിരുന്നു. പിന്നെ അതേപ്പറ്റിയൊക്കെ ഇങ്ങനെ ഫോണിൽ കൂടി പറയാൻ പറ്റില്ല. എപ്പോഴെങ്കിലും നേരിട്ടു കാണുമ്പോളാവാം."

ഫോണിൽ കൂടിയുള്ള അദ്ദേഹത്തിന്റെ വർത്തമാനത്തിൽ നിന്ന് ഒരു കാര്യം എനിക്ക് ബോധ്യപ്പെട്ടു. പറയുന്ന കാര്യങ്ങളിൽ പൂർണ്ണ ബോധ്യമുള്ള ആളാണ്. വളച്ചുകെട്ടോ ദുരൂഹതയോ ഇല്ലാതെ സംസാരിക്കുന്ന ഒരു രീതിയാണ് അദ്ദേഹത്തിന്റേത്. അതുകൊണ്ടുതന്നെ കാണണം എന്നുള്ള ഒരാഗ്രഹം മനസ്സിലുണ്ടായി. പക്ഷെ, കൂടിക്കാഴ്ച വീണ്ടും നീണ്ടുപോയി. അതിനിടെ എന്റെ നട്ടെല്ലിനെ കേന്ദ്രീകരിച്ചായി ചികിത്സ. അത് ഒരുതരം സ്പോണ്ടിലൈറ്റിസ് ആണെന്ന് അനുമാനിക്കപ്പെട്ടിരുന്നു. അതിനുള്ള ആയുർവേദ ചികിത്സയും കഴിഞ്ഞു. ഒട്ടും ഫലവത്തായില്ല അതൊന്നും.

ആറാം തമ്പുരാനെ കാണുന്നു

യാദൃച്ഛികമെന്നു പറയട്ടെ 'ആറാംതമ്പുരാൻ' എന്ന സിനിമയുടെ കാലത്താണ് സാക്ഷാൽ ആറാം തമ്പുരാനെ നേരിട്ടു കാണാൻ അവസരമുണ്ടാവുന്നത്. തിരക്കഥാകൃത്ത് രഞ്ജിത്തും പിന്നെ ശ്രീരാമനും വിജയൻപെരിങ്ങോടുമൊക്കെ കൂടെയുണ്ടായിരുന്നു. പലതും സംസാരിച്ച കൂട്ടത്തിൽ എന്റെ ചികിത്സയെക്കുറിച്ചും അസുഖത്തെക്കുറിച്ചുംഎല്ലാം തമ്പുരാനോടു ഞാൻ വിശദമായി പറഞ്ഞു. അദ്ദേഹം കുപ്പായം അഴിച്ചുവെക്കാനും നിന്നുകൊണ്ട് കൈകൾ ഉയർത്താനും വശങ്ങളിലേക്ക് തിരിയ്ക്കാനുമെല്ലാം എന്നോട് പറഞ്ഞു.

'തന്റെ പ്രശ്നം നട്ടെല്ലുമായിബന്ധമുള്ളതല്ല. അങ്ങനെ കണക്കാക്കിയുള്ള ചികിത്സകൊണ്ട് യാതൊരു ഫലവും ഉണ്ടാകില്ല. പുറം ഭാഗത്ത് ചില മർമസ്ഥാനങ്ങളുണ്ട്. ഇട, പിംഗല എന്നിങ്ങനെയൊക്കെ. എപ്പോഴെങ്കിലും അവിടെ തട്ടോ മുട്ടോ ഉണ്ടായിട്ടുണ്ടാവും. ആ സമയത്ത് അതുകാര്യമായി തോന്നിക്കാണില്ല. ചിലമർമസ്ഥാനങ്ങൾ അങ്ങനെയാണ്. അവിടെ ക്ഷതം പറ്റിയാൽ കാലാന്തരത്തിലായിരിക്കും ദോഷഫലങ്ങൾ കണ്ടുതുടങ്ങുക. ഭയപ്പെടാനൊന്നുമില്ല. നേരെയാക്കാവുന്നതേയുള്ളൂ.' അദ്ദേഹം എനിക്ക് ചികിത്സകൾ നിർദ്ദേശിച്ചു. അതെല്ലാം ചെയ്യുന്നതിന് ശിഷ്യനായ ഉണ്ണികൃഷ്ണനെ ഏൽപ്പിക്കുകയുംചെയ്തു.

ഞാൻ വീട്ടിൽ ചെന്ന് പുമുള്ളി ആറാം തമ്പുരാനെ കണ്ട കാര്യങ്ങൾ അമ്മയോട് പറഞ്ഞു. അമ്മ പുമുള്ളി മനയെക്കുറിച്ച് ഐതിഹ്യമാലയിൽ വായിച്ചിട്ടുണ്ടായിരുന്നു.

'കൈലാസത്തിൽ നിന്ന് പറങ്ങോട്ടു നമ്പൂതിരി വന്നു വീണത് പുമുള്ളി മനയ്ക്കലെ കുളത്തിലാണ്. പുരാതനമായിത്തന്നെ പ്രസിദ്ധമാണ് പുമുള്ളി മന.' അമ്മ പറഞ്ഞു.

ആദ്യഘട്ടത്തിൽ ചികിത്സ നടന്നത് തമ്പുരാന്റെ മേൽനോ

എല്ലാ വൈദ്യശാസ്ത്രവും കൈമലർത്തിയപ്പോൾ, ഞാൻ ഇരുട്ടിലായപ്പോൾ, എന്നെ പിടിച്ചുയർത്തി വെളിച്ചത്തിലേക്ക് നയിച്ചത് ആ മഹാബാഹുവാണ്

ട്ടത്തിൽതന്നെ ആയിരുന്നു. തമ്പുരാന്റെശിഷ്യൻ ഗിരിജനാണ് ഉഴിഞ്ഞത്. തമ്പുരാന്റെ നിർദ്ദേശ പ്രകാരം ഉണ്ണികൃഷ്ണൻവൈദ്യർ ചികിത്സ വളരെ ശ്രദ്ധയോടെത്തന്നെ കൊണ്ടുപോയി. 'ഇനി ഉണ്ണികൃഷ്ണനെ കണ്ടാൽ മതി. എന്നെ വന്നു കണ്ടു ബുദ്ധിമുട്ടണമെന്നില്ല.' ആദ്യഘട്ടം ചികിത്സ കഴിഞ്ഞു പോരുമ്പോൾ അദ്ദേഹമെന്നോടു പറഞ്ഞു. ചികിത്സിച്ചവകയിൽ പ്രതിഫലം സ്വീകരിക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. അങ്ങനെ ഒരു പതിവ് ആറാം തമ്പുരാനില്ല എന്നാണ് എല്ലാവരും പറഞ്ഞത്.

വേദന അതിന്റെ ഫണം താഴ്ത്തുന്നത് ഞാനറിഞ്ഞു. എന്നെ വെടിഞ്ഞുപോയിരുന്ന സ്വാസ്ഥ്യം തിരിച്ചുവരികയായിരുന്നു. ചികിത്സ തുടർന്നു കൊണ്ടുപോകണം. "ജോലികൾക്കിടയിലും ആവാം." തമ്പുരാൻ പറഞ്ഞു.

ഇപ്പോൾ വർഷത്തിലൊരിക്കൽ ആറാം തമ്പുരാന്റെ ഓർമ്മയിൽ ഞാൻ പെരിങ്ങോട്ടു വരുന്നു. ഈ നാട്ടിൻ പുറം എനിക്ക് ഏറെ പ്രിയപ്പെട്ടതായി തീർന്നിരിക്കുന്നു. പുമുള്ളി മനയിൽ നിന്ന് കുറച്ചു മാറിയാണ് ഇപ്പോൾ ചികിത്സയ്ക്കെത്തുന്ന സ്ഥലം. എങ്കിലും തമ്പുരാൻ നടന്ന മണ്ണ് എനിയ്ക്കിവിടെ നിന്നു നോക്കിയാൽ കാണാം. പുമുള്ളി ആറാംതമ്പുരാൻ സ്മാരക ട്രസ്റ്റിന്റെ ചുരുക്കപ്പേര് 'പാസ്റ്റ്' (PAST) എന്നാണ്. എന്നാൽ എന്റെ മനസ്സിൽ ആറാം തമ്പുരാന്റെ 'പ്രസൻസ്' എപ്പോഴുമുണ്ട്.

ഇതാ, ഇന്നുകൂടെ രാവിലെ ഞാൻ ചികിത്സയ്ക്കിരിക്കുമ്പോൾ ഉഴിയാനായി വൈദ്യന്റെ കൈ എന്റെ ശരീരത്തിൽ സ്പർശിക്കുന്നതിനു മുമ്പ് കണ്ണുകളടച്ച് ആറാം തമ്പുരാനെ മനസ്സിൽ ധ്യാനിക്കുകയുണ്ടായി. എല്ലാ വൈദ്യശാസ്ത്രവും കൈ മലർത്തിയപ്പോൾ, ഞാൻ ഇരുട്ടിലായിരുന്നപ്പോൾ എന്നെ പിടിച്ചുയർത്തി വെളിച്ചത്തിലേക്കു നയിച്ചത് ആ മഹാബാഹു ആയിരുന്നുവല്ലോ. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു മുന്നിൽ പ്രണാമങ്ങൾ.

(വി.കെ.ശ്രീരാമൻ എഡിറ്റ് ചെയ്ത് മാതൃഭൂമി ബുക്സ് പുറത്തിറക്കുന്ന 'പുമുള്ളി ആറാം തമ്പുരാൻ' എന്ന പുസ്തകത്തിന്റെ പുതിയ പതിപ്പിനു വേണ്ടി എഴുതിയ ലേഖനം)